"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പനത്തടി ഗ്രാമപഞ്ചായത്ത് - ' കല്ലപ്പള്ളി -കമ്മാടി റോഡ് അഭിവൃദ്ധിപ്പെടുത്തൽ' എന്ന പ്രവൃത്തി - ഭരണാനുമതി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

**സ.ഉ.(സാധാ) നം.1002/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 28/05/2020

---

പരാമർശം:- 1 2018-2019 സാമ്പത്തിക വർഷത്തെ ബജറ്റിൽ Work Appendix-Volume II- ൽ (ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ ) ക്രമ നമ്പർ 1876 ആയി ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തി.

2 ബഹു. റവന്യൂവും ,ഭവനനിർമ്മാണവും വകുപ്പ് മന്ത്രിയുടെ 11.10.2018- ലെ 222/N/M(Rev)18 നമ്പർ കത്ത്.

3 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 27.09.2019- ലെ ഡിബി7/13184/2019/സി.ഇ/തസ്വഭവ കത്ത്.

**ഉത്തരവ്**

പനത്തടി ഗ്രാമപഞ്ചായത്തിലെ കല്ലപ്പള്ളി - കമ്മാടി റോഡ് അഭിവൃദ്ധിപ്പെടുത്തൽ എന്ന പ്രവൃത്തി 2018-2019 സാമ്പത്തിക വർഷത്തെ ബജറ്റിൽ Work Appendix-Volume II- ൽ (ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ ) ക്രമ നമ്പർ 1876 ആയി ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ബഹു. റവന്യൂവും ,ഭവനനിർമ്മാണവും വകുപ്പ് മന്ത്രി പരാമർശം (2) കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു. പനത്തടി ഗ്രാമപഞ്ചായത്തിലെ കല്ലപ്പള്ളി -കമ്മാടി റോഡ് അഭിവൃദ്ധിപ്പെടുത്തൽ (0/000 മുതൽ 4/473 കി.മീ. വരെ) എന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനായി പരാമർശം (3) കത്ത് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ 5 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2018-2019 സാമ്പത്തിക വർഷത്തെ ബജറ്റിൽ Work Appendix-Volume II- ൽ (ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ ) ക്രമ നമ്പർ 1876 ആയി ഉൾപ്പെട്ട പനത്തടി ഗ്രാമപഞ്ചായത്തിലെ കല്ലപ്പള്ളി -കമ്മാടി റോഡ് അഭിവൃദ്ധിപ്പെടുത്തൽ (0/000 മുതൽ 4/473 കി.മീ. വരെ) എന്ന പ്രവൃത്തിയുടെ 5 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3) ഇത് സംബന്ധിച്ച ചെലവ് 4515-00-800-92 എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, പനത്തടി ഗ്രാമപഞ്ചായത്ത്,കാസർഗോഡ് .

ഫിനാൻസ് വകുപ്പ്(1372923/ഡെവ .3/183/2019/ധന.തീയതി 26.02.2020)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ